Draft #1 of File 83225/CONTENT.MGMT SO/2021/CMS Approved by ASSISTANT REGISTRAR V (ADMIN) on 10-Jun-2021 12:11 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 83225/CONTENT.MGMT SO/2021/CMS

തീയതി: 10.06.2021

കണ്ടൻറ് മാനേജ്മന്റ് സെക്ഷൻ
പ്രിയദർശിനി ഹിൽസ്

<u>**പരിപത്രം**</u>

വിഷയം:- സർവകലാശാലയിലെ അദ്ധ്യാപകർക്കും, ജീവനക്കാർക്കുമായി സർവകലാശാല യുമായി ബന്ധപെട്ട ഒരു ഫോട്ടോ മത്സരം നടത്തുന്നതു സംബന്ധിച്ച്:-

സൂചന :- സർവകലാശാല ഉത്തരവ് നം: 2519/CMS/2021/MGU, തീയ്യതി 25.05.2021.

മേൽസൂചന പ്രകാരം സർവകലാശാലയിലെ അദ്ധ്യാപകർക്കും ജീവനക്കാർക്കുമായി സർവകലാശാലയുമായി ബന്ധപ്പെട്ട ഒരു ഫോട്ടോഗ്രഫി മത്സരം നടത്തുവാനുള്ള തീരുമാനം എടുത്തിട്ടുണ്ട്. ആയതിനുള്ള മാർഗനിർദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഔദ്യോഗിക കൃത്യനിർവ്വഹണത്തെ ഒരുതരത്തിലും ബാധിക്കാത്ത രീതിയിൽ വേണം ഫോട്ടോകൾ എടുക്കുവാൻ.ഒരാൾക്ക് പരമാവധി 3 ഫോട്ടോകൾ വരെ സമർപ്പിക്കാ വുന്നതാണ്.
2. സർവകലാശാലയുടെ ക്യാമ്പസ് ,പരിസ്ഥിതി , അക്കാഡമിക് / വിദ്യാർത്ഥി സൗകര്യങ്ങൾ എന്നിവയെ സംബന്ധിച്ച ഫോട്ടോകൾ ആകണം സമർപ്പിക്കുന്നത്..
3. ഫോട്ടോകൾ (മൊബൈൽ/കാമറ) നല്ല ഗുണമേന്മയും, വ്യകതതയും ഉള്ളവ ആയിരിക്കണം
4. ഫോട്ടോകൾ photocontestmgu@gmail.com എന്ന ഇ.മെയിൽ ഐഡിയിലേക്ക് jpeg ഫോർമാറ്റിൽ മാത്രം വേണം അയച്ചു തരുവാൻ. ഫോട്ടോയുടെ pixel ratio : 1100 X 320 എന്നതായിരിക്കേണ്ടതാണ്.
5. ഫോട്ടോകൾ എവിടെനിന്നും എടുത്തതാണെന്നുള്ള പേരിൽ ആയിരിക്കണം സേവ് ചെയേണ്ടത്. കൂടാതെ മത്സരിക്കുന്ന ആളിൻറെ പേരും, ഉദ്യോഗപ്പേരും, ഓഫീസും, മൊബൈൽ നമ്പറും ഇ.മെയിലിൽ ഉൾപെടുത്തിയിരിക്കണം.
6. ഒന്നും, രണ്ടും, മൂന്നും സ്ഥാനക്കാർക്ക് സമ്മാനങ്ങൾ ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ ഫോട്ടോകൾ ലഭിച്ചാൽ രണ്ടു റൗണ്ട് സ്ക്രീനിങ്ങ് ഉണ്ടായിരിക്കുന്നതാണ്.
7. സമ്മാനാർഹമായ ഫോട്ടോകൾ സർവകലാശാലയുടെ വെബ്സൈറ്റിൽ പ്രദർശിപ്പിക്കുന്നതായിരിക്കും. മത്സരത്തിന് ലഭിക്കുന്ന ഫോട്ടോകൾ ഔദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് സർവ്വകലാശാലക്ക് അവകാശം ഉണ്ടായിരിക്കുന്നതാണ്.
8. വിദ്യാർത്ഥികൾ ഈ മത്സരത്തിൽ പങ്കെടുക്കേണ്ടതില്ല. ഇവർക്കായി പ്രത്യേക മത്സരം നടത്തുന്നതായിരിക്കും.
9. ഫോട്ടോകൾ **24.06.2021**-ന് മുൻപായി ഇ.മെയിലിൽ അയച്ചു തരേണ്ടതാണ്. ഒരാൾക്ക് ഒരു പ്രാവശ്യം മാത്രമേ അയക്കുവാൻ സാധിക്കുകയുള്ളൂ.
10. സർവകലാശാലാ രജിസ്ട്രാറുടെ തീരുമാനം ഈ കാര്യങ്ങളിൽ അന്തിമമായിരിക്കും.

**ലേഖ ജെ**
അസിസ്റ്റന്റ് രജിസ്ട്രാർ 5 (ഭരണ വിഭാഗം)

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 83225/CONTENT.MGMT SO/2021/CMS Approved by ASSISTANT REGISTRAR V (ADMIN) on 10-Jun-2021 12:11 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം